## 1103

വല്ലഭനാം യേശുപരൻ നല്ല സഹായകനാം
സുഖം ബലവും സമാധാനവും സകലവും നമുക്കവനാം

1 ആധിയാലുള്ളം കലങ്ങിടിലും
വ്യാധിയാലേറ്റം നാം തളർന്നിടിലും
ഉറ്റവരെല്ലാരും കൈവിടിലും
മുറ്റിലും കാത്തവൻ നടത്തിടുമേ-

2 ലോകത്തിന്നിമ്പം ത്യജിച്ചിടാം നാം
ക്രൂശിന്റെ നിന്ദകൾ വഹിച്ചിടാം നാം
യേശുവിന്റെ സാക്ഷിയായ് പോയിടാം നാം
ക്ലേശങ്ങൾ സഹിച്ചു പൊരുതിടാം നാം-

3 സ്നേഹത്തിൻ ദീപം കൊളുത്തിടാം നാം
ജീവന്റെ സന്ദേശം ഉരച്ചിടാം നാം
പാപികളിന്മനം തിരിഞ്ഞിടുവാൻ
പ്രാർത്ഥനയിൽ സദാ ഉണർന്നിടാം നാം

4 ആത്മാവിൽ നിറഞ്ഞു ബലപ്പെടുവിൻ
ദൈവഹിതം നമ്മളറിഞ്ഞിടുവിൻ
ഉന്നതജീവിതം നയിച്ചിടുവിൻ
മന്നവൻ വരവിനായൊരുങ്ങിടുവിൻ- **G.P.**